# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2657 06/02/2018ൽ മറുപടിയ്ക്ക്

## കണ്ടൽക്കാടുകളുടെ സംരക്ഷണം

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

അഡ്വ: കെ. രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് കണ്ടൽക്കാടുകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കണ്ടൽക്കാടുകളുടെ വിസ്തൃതിയിൽ ആശങ്കാജനകമായ കുറവ് ഉണ്ടാകുന്നത് ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ | കണ്ടൽക്കാടുകൾ വ്യാപകമായി വെട്ടി നശിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല എന്നാൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അങ്ങിങ്ങായി കണ്ടൽച്ചെടികൾ മുറിച്ചുമാറ്റപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015-16 കാലഘട്ടത്തിൽ, എറണാകുളം സോഷ്യൽ ഫോറസ്ട്രി കൺസർവേറ്ററുടെ കീഴിൽ വരുന്ന തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിലുള്ള പൊയ്യാ പഞ്ചായത്തിൽ മൂന്ന് ഏക്കറോളം കണ്ടൽത്തൈകൾ വെട്ടിമാറ്റിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ടൽക്കാടുകൾ വ്യാപകമായി നശിപ്പിക്കുന്നതായി പരാതി ലഭിയ്ക്കുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ടെറിട്ടോറിയൽ ഡിവിഷനുകളിലേയ്ക്ക് കൈമാറുന്നതാണ്. |
| ബി | കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും വികസന ആവശ്യങ്ങൾക്കായി നശിപ്പിക്കപ്പെടുന്ന കണ്ടൽക്കാടുകൾക്ക് പകരം കണ്ടൽക്കാടുകൾ വച്ചു പിടിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ബി | നശിച്ചുപോയ കണ്ടൽച്ചെടികൾക്ക് പകരം കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സഹായ സഹകരണത്തോടെ ലഭ്യമായ സ്ഥലങ്ങളിൽ വെച്ചുപിടിപ്പിക്കുന്നുണ്ട്. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ബോധവത്ക്കരണ പരിപാടികളും നടത്തി വരുന്നു. പുതുതായി വെച്ചുപിടിപ്പിക്കുന്നതിനാവശ്യമായ കണ്ടൽ ച്ചെടികൾ ലഭ്യമാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കണ്ടൽക്കാടുകളുടെ പുനരുദ്ധാരണത്തിനായി Conservation and Management of Mangroves and Coral Reefs in the State of Kerala എന്ന സ്കീമിൽ തൃശ്ശൂർ ജില്ലയിൽ 15000 കണ്ടൽ തൈകളും, എറണാകുളം ജില്ലയിൽ 40000 |

| | | | |
|---|---|---|---|
| | | | കണ്ടൽത്തൈകളും ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്ന കോഴിക്കോട് ജില്ലയിൽ 2016-2017 വർഷത്തിൽ 5000 കണ്ടൽത്തൈകൾ ഉത്പാദിപ്പിക്കുകയും വിവിധ പുഴയോരങ്ങളിൽ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഭൂമിയിൽ കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനായി സ്ഥലം ഉടമകൾക്ക് പ്രോത്സാഹന സഹായം അനുവദിച്ചുവരുന്നു. കൂടാതെ ഗുണമേന്മയുള്ള കണ്ടൽത്തൈകൾ ഉത്പാദിപ്പിച്ച് വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന വിതരണം നടത്തുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ